**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4421** **19-07-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസികളുടെ ഭൂമിക്ക് റവന്യൂ ഭൂമി പദവി നൽകൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2005-ലെ വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ലഭിച്ച ഭൂമി വനഭൂമിയായി പരിഗണിച്ചുകൊണ്ട് വനം വകുപ്പ് സ്വീകരിക്കുന്ന നടപടികൾ ആദിവാസി ജന വിഭാഗത്തിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ലഭ്യമായ വനഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ചില സ്ഥലങ്ങളിൽ വനം വന്യജീവി വകുപ്പിന്റെ അനുമതി ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ആയത് വനം വന്യജീവി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുകൂല തീരുമാനങ്ങൾ ലഭിക്കുന്നതിനായി വകുപ്പ് ഇടപെടുന്നുണ്ട്. |
| (ബി) | പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനും വന വിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്നതിനും സാധിക്കാത്തതിനാലുള്ള പ്രതിസന്ധി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനും വനവിഭവങ്ങൾ ശേഖരിച്ച് ഉപജീവനം നടത്തുന്നതിനും നിലവിൽ പ്രതിസന്ധികൾ ഇല്ല. |
| (സി) | ആദിവാസികളുടെ വന ഭൂമിക്ക് റവന്യൂ ഭൂമിയുടെ പദവി നൽകി ഭൂമിയിൽ ക്രയവിക്രയം അടക്കമുള്ള അധികാരം ഉറപ്പ് വരുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | വനാവകാശനിയമം 3(1)(h) പ്രകാരം രേഖപ്പെടുത്തിയതോ വിജ്ഞാപനം ചെയ്തതോ അല്ലാത്തതായ എല്ലാ ഫോറസ്റ്റ് വില്ലേജുകൾ, പഴയ വാസസ്ഥാനങ്ങൾ, സർവ്വേ ചെയ്യാത്ത വില്ലേജുകൾ, വനത്തിനുള്ളിലെ മറ്റ് വില്ലേജുകൾ എന്നിവ റവന്യൂ വില്ലേജുകളാക്കി പരിവർത്തനം ചെയ്യുവാൻ വിഭാവന ചെയ്തിട്ടുണ്ട്. ഇത് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ